(സി) നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും നിയമനം ലഭിക്കാതെ വരികയും സർക്കാർ ഓഫീസുകളിൽ മതിയായ ജീവനക്കാർ ഇല്ലാതെ വരികയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ എന്ത് നടപടികളാണ് ഇതിന്മേൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ഇതിനുള്ള വ്യവസ്ഥകൾ നിലവിലുണ്ട്.

(സി & ഡി) വിവരം ശേഖരിച്ചുവരുന്നു.

പി.എസ്.സി. പ്രസിദ്ധീകരിച്ച ലിസ്റ്റുകൾ

31 [1502] ശ്രീ. കോവൂർ കുഞ്ഞുമോൻ :

,, എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് വിവിധ വകുപ്പുകളിൽ വിവിധ തസ്തികകളിൽ എത്ര നിയമനം നടന്നു എന്നത് വകുപ്പും തസ്തികയും തിരിച്ച് വിവരം ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ വകുപ്പുകളിൽ വിവിധ തസ്തികകളിൽ സംസ്ഥാനത്ത് നിന്നും എത്ര പേർ പെൻഷൻ പറ്റിയെന്ന് ജില്ല തിരിച്ച് വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. എത്ര ലിസ്റ്റ് പ്രസിദ്ധീകരിച്ചു എന്നും ഓരോന്നിൽ നിന്നും നാളിതുവരെ എത്രപേരെ നിയമിച്ചു എന്നും ഒരാളെപ്പോലും നിയമിക്കാതെ എത്ര ലിസ്റ്റുകൾ കാലഹരണപ്പെട്ടു വെന്നും എത്ര ലിസ്റ്റുകൾ നിലവിലുണ്ട് എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി & സി) വിവരം ശേഖരിച്ചുവരുന്നു.

പി.എസ്.സി. അഡ്വൈസ് മെമ്മോകളുടെ കണക്ക്

32 [1503] ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി. എസ്. സി. എത്രപേർക്ക് അഡ്വൈസ് മെമ്മോ അയച്ചു;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇപ്രകാരം അഡ്വൈസ് മെമ്മോ അയച്ച വേക്കൻസികളിൽ മുൻ സർക്കാരിന്റെ കാലത്ത് റിപ്പോർട്ട് ചെയ്ത വേക്കൻസികൾ എത്രയുണ്ട്; ഇതിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റിപ്പോർട്ട് ചെയ്ത വേക്കൻസികൾ എത്രയാണ്;

(സി) റിപ്പോർട്ട് ചെയ്ത വേക്കൻസികളിൽ എത്ര എണ്ണത്തിലേക്ക് ഇനിയും അഡ്വൈസ് മെമ്മോ അയയ്ക്കാനുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ), (ബി) & (സി) വിവരം ശേഖരിച്ചുവരുന്നു.

അഡ്വൈസ് മെമ്മോ നൽകിയിട്ടും നിയമനം ലഭിക്കാത്തവർ

33 [1504] ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി. എസ്. സി. അഡ്വൈസ് മെമ്മോ നൽകിയിട്ടും നിശ്ചിത കാലാവധിക്കു ശേഷം നിയമനം നൽകാത്ത എത്ര കേസുകൾ ഇപ്പോൾ സംസ്ഥാനത്തുണ്ടെന്നു വ്യക്തമാക്കാമോ; ഓരോ വകുപ്പിന്റെയും ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

പി. എസ്. സി. റാങ്ക് ലിസ്റ്റ് വിവരം

34 [1505] ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ മൂന്നുവർഷംകൊണ്ട് പി. എസ്. സി. എഴുത്തു പരീക്ഷകളുടെയും ഇന്റർവ്യൂകളുടെയും എത്ര റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനു തൊട്ടുമുൻപുള്ള മൂന്നുവർഷങ്ങളിൽ ഈ കണക്ക് എത്രയായിരുന്നു എന്നും ഇത് ഏതെല്ലാം തസ്തികകളിലായിരുന്നുവെന്നും കാണിക്കുന്ന വിശദമായ ലിസ്റ്റ് ലഭ്യമാക്കുമോ;

(സി) മൂന്നു വർഷം മുമ്പ് പി.എസ്.സി.-യിൽ കെട്ടിക്കിടന്നിരുന്ന അപേക്ഷകളുടെ എണ്ണം എത്രയായിരുന്നു;

(ഡി) ഇപ്പോൾ എത്ര അപേക്ഷകൾ ഇപ്രകാരം കെട്ടിക്കിടക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly